## നഗരകാര്യ ഡയറക്ടറുടെ ഉത്തരവ് നടപടികൾ

നഗരകാര്യ വകുപ്പ്- മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ് II ശ്രീ. വി.പി.അഭിലാഷിന് ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഇ2-2643/18 തിരുവനന്തപുരം , തീയതി : 26/2/2018

പരാമർശം:
1. 1.12.2012 ലെ സ.ഉ(പി)നം.656/2012/ധന നമ്പർ ഉത്തരവ്
2. സർക്കാരിന്റെ 25.02.2016 ലെ ത.സ്വ.ഭവ-ഇ.യു/70/2016/ത.സ്വ.ഭ.വ നമ്പർ കത്ത്
3. ശ്രീ.വി.പി.അഭിലാഷിന്റെ 1.1.2018 ലെ അപേക്ഷ

### ഉത്തരവ്

നഗരകാര്യ വകുപ്പിൽ അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതിയുടെ പ്രോജക്ട് ഓഫീസർ ആയി സേവനമനുഷ്ഠിച്ചുവരുന്ന രണ്ടാം ഗ്രേഡ് മുനിസിപ്പൽ സെക്രട്ടറി ശ്രീ.വി.പി.അഭിലാഷിന് ഇന്ത്യയിൽ മെച്ചപ്പെട്ട ജോലി സ്വീകരിക്കുന്നതിലേയ്ക്കായി 15.1.2018 മുതൽ 2 വർഷത്തേയ്ക്ക് ശൂന്യവേതനാവധി അനുവദിക്കുന്നതിനായി മേൽ പരാമർശം 3 പ്രകാരം അപേക്ഷിച്ചിരിക്കുന്നു. പരാമർശം (2) പ്രകാരമുള്ള സർക്കാർ കത്തിൽ പരാമർശം 1 ലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ശൂന്യവേതനാവധി അനുവദിക്കുന്നതിന് അതാത് വകുപ്പ് മേധാവികൾക്ക് അധികാരം നൽകിയിട്ടുള്ളതാണ്.

ഈ സാഹചര്യത്തിൽ 3-ാം പരാമർശിത അപേക്ഷയുടെ അടിസ്ഥാനത്തിൽ മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ് II തസ്തികയിൽ സേവനനുഷ്ഠിക്കുന്ന ശ്രീ.വി.പി.അഭിലാഷിന് ഇന്ത്യയിൽ മെച്ചപ്പെട്ട ജോലി സ്വീകരിക്കുന്നതിലേയ്ക്കായി പരാമർശം(2) ഉത്തരവിന്റെ അടിസ്ഥാനത്തിലും KSR Part I Appendix XII A പ്രകാരവും ടിയാൻ അവധിയിൽ പ്രവേശിക്കുന്ന തീയതി മുതൽ 2 വർഷത്തേയ്ക്ക് ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ശ്രീ.വി.പി.അഭിലാഷ് അവധിയിൽ തുടരുന്ന കാലയളവ് പെൻഷൻ ഉൾപ്പെടെയുള്ള യാതൊരു സർവ്വീസ് ആനുകൂല്യങ്ങൾക്കും പരിഗണിക്കുന്നതല്ല.

(ഒപ്പ്)

ഹരിത.വി.കുമാർ ഐ.എ.എസ്
നഗരകാര്യ ഡയറക്ടർ

ശ്രീ.വി.പി.അഭിലാഷ്
പ്രോജക്ട് ഓഫീസർ, AUEGS Cell
അഡിഷണൽ ചീഫ് സെക്രട്ടറി
തദ്ദേശസ്വയംഭരണ വകുപ്പ്
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തൃശ്ശൂർ
പകർപ്പ് : ഇ2, സൂപ്രണ്ട്, കരുതൽ ഫയൽ

ആജ്ഞാനുസരണം/അയയ്ക്കുന്നത്

Scanned by CamScanner